## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടി ഉത്തരവ്.

**സംഗ്രഹം**

പന്തളം, എരുമേലി, അച്ചൻകോവിൽ, ആര്യങ്കാവ്, കുളത്തൂപുഴ എന്നീ ദേവസ്വങ്ങളിലെ അരവണ പ്രസാദം കോമ്പസിറ്റ് കാനിൽ വിതരണം നടത്തുന്നത്-റേറ്റ് റിവിഷൻ സംബന്ധിച്ച്

**നടപടി ഉത്തരവ് നമ്പർ ആർ.ഒ.സി 10416/2012/സ്യൂട്ട്/എൻ.എസ്., തീയതി 15.11.2016**

പരാമർശം: ദേവസ്വം കമ്മീഷണറുടെ 15.11.2016ലെ ആർ.ഒ.സി 15345/2016/ശബ. നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽപ്പെട്ട പന്തളം, എരുമേലി, അച്ചൻകോവിൽ, ആര്യങ്കാവ്, കുളത്തൂപുഴ എന്നീ ദേവസ്വങ്ങളിലെ അരവണ പ്രസാദം കോമ്പസിറ്റ് കാനിൽ വിതരണം നടത്തുന്നതിന് പത്തു രൂപ അൻപത് പൈസ എന്ന നിരക്കിൽ കുത്തക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ദേവസ്വങ്ങളിലെ റേറ്റ് അറുപതു രൂപയായി ക്രമപ്പെടുത്തണമെന്ന സൂചന നമ്പർ റിപ്പോർട്ട് പരിഗണിച്ച് പന്തളം, എരുമേലി, അച്ചൻകോവിൽ, ആര്യങ്കാവ്, കുളത്തൂപ്പുഴ എന്നീ ദേവസ്വങ്ങളിലെ അരവണ പ്രസാദത്തിന്റെ നിരക്ക് ചുവടെ വിവരിക്കും പ്രകാരം നിജപ്പെടുത്തി ഉത്തരവാകുന്നു.

| വഴിപാട് | സപ്ളെയർ | മുതൽക്കൂട്ട് | ആകെ |
|---|---|---|---|
| അരവണ 1/4 ലിറ്റർ | 25/- | 35/- അരവണ പ്രസാദം നിറച്ച് നൽകുന്നതിലേക്ക് കുത്തകഅനുവദിച്ചിട്ടുള്ളതിനാൽ കുത്തകക്കാരന് 10.50രൂപയെന്ന നിരക്കിൽ ചിലവെഴുതി നൽകുന്നതിനും 24.50 രൂപ ഡിപ്പാർട്ടുമെന്റിലേക്ക് മുതൽക്കൂട്ടുന്നതിനും. | 60/- |

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ്:

1 ദേവസ്വം കമ്മീഷണർ
2 ലോ ഓഫീസർ
3 വിജിലൻസ് ആന്റ് സെക്യൂരിറ്റി ആഫീസർ
4 ഫിനാൻസ് ആന്റ് അക്കൗണ്ടാഫീസർ
5 ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ-തിരുവനന്തപുരം,പത്തനംതിട്ട, ഹരിപ്പാട്, വൈക്കം
6 ദേവസ്വം അക്കൗണ്ടാഫീസർ
7 അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ പുനലൂർ, ആറൻമുള, മുണ്ടക്കയം
8 ഇ.ഡി.പി.
9 സെക്ഷൻ ഫയൽ.